"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം-ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 476/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച തുക റിക്കുപ്പ് ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2537/2025/LSGD** **തീയതി, തിരുവനന്തപുരം, 20-10-2025**

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26/12/2023 -ലെ എ3/1942/2013/ടിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22/04/2025 തീയതിയിലെ കെ10-8856/13 നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം.1338/2025/തസ്വഭവ തീയതി 30/05/2025.
4. സ.ഉ.(സാധാ)നം.2040/2025/തസ്വഭവ തീയതി 16/08/2025.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം ബൈപ്പാസ് റോഡ് വികസനത്തിനായി ശ്രീമതി. തങ്കം രാമചന്ദ്രന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.5 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 476/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 17,25,914/- രൂപയും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,45,129/- രൂപയും ഉൾപ്പടെ ആകെ 19,71,043/- രൂപ (പത്തൊമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നാല്പത്തിമൂന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം(1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2). മേൽ പരാമർശിച്ച എൽ.എ.ആർ. 476/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 17,25,914/- രൂപയും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,45,129/- രൂപയും ഉൾപ്പടെ ആകെ 19,71,043/- രൂപ (പത്തൊമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നാല്പത്തിമൂന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം ടി എൽ.എ.ആർ. കേസിലെ ബാലൻസ് തുകയായ 2,45,129/- രൂപ (രണ്ട് ലക്ഷത്തി നാല്പത്തയ്യായിരത്തി ഒരുന്നൂറ്റി ഇരുപത്തിയൊമ്പത് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan

Charged)' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിക്ക് അനുവദിക്കുകയും ചെയ്യുകയുണ്ടായി..

3). പരാമർശം(3) ഭരണാനുമതി ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന്റെ '2075-00-800-05' എന്ന ശീർഷകത്തിലേക്ക് റിക്കൂപ്പ് ചെയ്യുന്നതിന് അനുമതി നൽകിയിരുന്ന എൽ.എ.ആർ. 476/2009 നമ്പർ കേസിലെയും അപ്രകാരം ഭരണാനുമതി നൽകിയിരുന്ന മറ്റ് സമാന എൽ.എ.ആർ കേസുകളിലെയും തുകകൾ റിക്കൂപ്പ് ചെയ്യുന്നതിനായി, 2025-2026 വർഷത്തിലേയ്ക്കുള്ള ആദ്യ ഉപധനാഭ്യർത്ഥന പ്രകാരം 2,53,00,000/- (രണ്ട് കോടി അമ്പത്തിമൂന്ന് ലക്ഷം രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

4). മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും ഉപധനാഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ-പൂന്തി-അണമുഖം ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 476/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 17,25,914/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തയ്യായിരത്തി തൊള്ളായിരത്തി പതിനാല് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്നും റവന്യൂ വകുപ്പിന്റെ '2075-00-800-05' എന്ന ശീർഷകത്തിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/91/2025/FIN. dated 02.10.2025).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/269/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 22-10-2025 11:28:11

സെക്ഷൻ ഓഫീസർ